

# <u>കൊച്ചി നഗര സഭയിൽ ഹൈടെക് ജനസേവനകേന്ദ്രം ഉദ്ഘാടനം ചെയ്തു.</u>

കൊച്ചി നഗര സഭയിലെ ഇടപ്പള്ളി മേഖല ഓഫീസിൽ ആധുനീക രീതിയിൽ നവീകരിച്ച് നിർമ്മിച്ച ജനസേവനകേന്ദ്രത്തിന്റെ ഉദ്ഘാടനം കൊച്ചി നഗര സഭാ **മേയർ ശ്രീ. ടോണി ചമ്മണി** വിർവ്വഹിച്ചു. വികസനകാര്യ സ്ഥിര സമിതി ചെയർമാൻ **ശ്രീ. ടി.ജെ വിനോദ്** അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ക്ഷേമകാര്യ സ്ഥിര സമിതി ചെയർപേഴ്സൺ ശ്രീമതി എസ്സി.ജോസഫ് ,ടാക്സ് അപ്പീൽ സ്ഥിര സമിതി ചെയർ പേഴ്സൺ ശ്രീമതി. രത്നമ്മ രാജു, പ്രതിപക്ഷ നേതാവ് ശ്രീ കെ.ജെ ജേക്കബ്ബ് , കൗൺസിലർ ശ്രീമതി.മിനി മോൾ,. വി.കെ എന്നിവർ ആശംസ പ്രസംഗങ്ങൾ നടത്തി. നഗരസഭയിൽ ആദ്യമായി ടോക്കൺ സംവിധാനത്തോടുകൂടി നിർമ്മിച്ച ഇടപ്പള്ളി ജനസേവന കേന്ദ്രം ഇ - ഗവേൺസ് പദ്ധതിയിലേക്കുള്ള ആദ്യപടിയാണ്.

നഗരസഭ സെക്രട്ടറി ശ്രീ അജിത് പാട്ടിൽ ഐ എ എസ് സ്വാഗതവും അഡീഷണൽ സെക്രട്ടറി ശ്രീ ബേബി ആന്റണി നന്ദിയും പറഞ്ഞു. ഐ.ടി ഓഫീസർ ശ്രീ. സജീവ് എം എൽ പദ്ധതി റിപ്പോർട്ട് അവതരിപ്പിച്ചു,.